പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 205 | 10.06.2013-ൽ മറുപടിയ്ക്ക്

**രാത്രികാലങ്ങളിൽ യാത്രക്കാരുടെ സുരക്ഷ ശക്തമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബസ് സ്റ്റേഷനുകളും, റെയിൽവേ സ്റ്റേഷനുകളും കേന്ദ്രീകരിച്ച് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ രാത്രികാലങ്ങളിൽ യാത്രക്കാരുടെ സുരക്ഷ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ ബസ് സ്റ്റേഷനുകളിലും റെയിൽവേ സ്റ്റേഷനുകളിലും യാത്രക്കാരുടെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പോലീസ് എയിഡ് പോസ്റ്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പ്രസ്തുത സ്ഥലങ്ങളിൽ 24 മണിക്കൂറും കാര്യക്ഷമമായ മൊബൈൽ പട്രോളിംഗ് നടത്തി വരുന്നു. രാത്രികാലങ്ങളിലുൾപ്പെടെ മഫ്ടി പോലീസിന്റെയും സേവനം പ്രസ്തുത സ്ഥലങ്ങളിൽ ഉപയോഗപ്പെടുത്തി വരുന്നു. ഇതിനു പുറമേ പോലീസിന്റെ ടോൾഫ്രീ നമ്പരുകൾ പ്രസ്തുത സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (സി) | രാത്രികാലങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളും അക്രമങ്ങളും കുറയ്ക്കുന്നതിനായി അർദ്ധരാത്രിമുതൽ രാവിലെ 4 മണി വരെയുള്ള സമയങ്ങളിൽ ഇരുചക്ര വാഹനഗതാഗതത്തിന് നിയന്ത്രണമേർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഇല്ലെങ്കിൽ നഗരങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | നഗര പ്രദേശങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളോടു കൂടി ശക്തമായ മൊബൈൽ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ